യിൽ നിന്ന് ചെളിയെടുക്കുന്നതു നിമിത്തവും ആറ് വെള്ളപ്പൊക്കക്കാലത്ത് ഗതിമാറി ഒഴുകാനിടയാകുന്നു. ഈ വെള്ളപ്പൊക്കക്കാലത്തും ചില സ്ഥലങ്ങളിൽ ഗതിമാറിയതുകൊണ്ട് അനേകം ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കംകൊണ്ടുണ്ടാകുന്ന ദുരിതമുണ്ടാകുന്നതിനെ നിയന്ത്രിക്കുന്നതിനുണ്ടേി സംരക്ഷണഭിത്തികൾ കെട്ടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ചെറിയചെറിയ പ്രദേശത്ത് ഇതൊക്കെ കെട്ടുന്നതിന് ജനകീയാസൂത്രണ പരിപാടിയിൽ കുറെ ഫണ്ടുകൾ കൊടുക്കുന്നുണ്ട്. അതുപയോഗിച്ച് കുറെ സ്ഥലത്ത് അത് ചെയ്യാവുന്നതാണ്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ മണലൂറ്റുന്നതുകൊണ്ടും ചെളികോരുന്നതുകൊണ്ടുമൊക്കെ ഇങ്ങനെ ഗതിമാറിയൊഴുകുന്ന സ്ഥലം നോക്കി അത് വാരാതെ അതിനാവശ്യ നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് കഴിയുന്നതാണ്. ആ നിലയിലുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മൊയീൻകുട്ടി : സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സെന്റർ ഫോർ എർത്ത് സയൻസ് തുടങ്ങിയ സ്ഥാപനങ്ങൾ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, പ്രകൃതിക്ഷോഭം ഇവമൂലമുണ്ടാകുന്ന കെടുതികൾ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അത്തരം റിപ്പോർട്ടിൽ ഗവൺമെന്റ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഉരുൾപൊട്ടലിനെപ്പറ്റിയുള്ള നടപടിയെന്താണെന്ന് എനിക്കറിയില്ല. കടലാക്രമണം തടയുന്നതിനെ സംബന്ധിച്ച് അവർ ചില നടപടികളൊക്കെ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പണി തുടങ്ങിയിട്ടുള്ളത്. എക്സ്പെരിമെന്റലായിട്ട് കടൽഭിത്തി കെട്ടുന്നതിന് തെരഞ്ഞെടുത്ത രണ്ട് സ്ഥലങ്ങളിൽ ഇപ്പോൾ അവരുടെ നിർദ്ദേശമനുസരിച്ച് പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച്, അതായത് ആലപ്പാട് 18 ലക്ഷം രൂപയുടെയും പറവൂരിൽ 58 ലക്ഷം രൂപയുടെയും പണി നടക്കുന്നു. പറവൂരിൽ പണി തീർത്തിട്ടുണ്ട്. ആലപ്പാടിലെ പണി ഇതുവരെ തുടങ്ങിയിട്ടില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : എന്റെ ചോദ്യത്തിന് മറുപടി തന്ന കൂട്ടത്തിൽ പൂനയിലെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച് ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കലും പറവൂർ തെക്കുംഭാഗം ഭാഗത്തും ചില കടലാക്രമണ നിരോധനത്തിനുള്ള ഏർപ്പാടുകൾ ചെയ്തെന്ന് പറഞ്ഞതു. വർക്ക് എന്നാണ് തുടങ്ങിയത്. എത്ര കിലോമീറ്ററാണ് ഈ തരത്തിലുള്ള പ്രവൃത്തി അറേഞ്ചു ചെയ്തിട്ടുള്ളത്, എന്ന് അത് പൂർത്തീകരിക്കുമെന്ന് പറയുമോ?

ശ്രീ.വി.പി രാമകൃഷ്ണപിള്ള : രണ്ട് പുലിമുട്ടാണ് അവരുടെ പുതിയ പരീക്ഷണത്തിന്റെ ഡിസൈനിൽ പറഞ്ഞിരിക്കുന്നത്. പറവൂരിൽ 58 ലക്ഷം രൂപയുടെ പണി പൂർത്തിയായി. ആലപ്പാട് 18 ലക്ഷം രൂപയുടെ പണിയാണ്. തുടങ്ങിയിട്ടില്ല. വളരെ അടുത്ത് തുടങ്ങുന്നതാണ്.

**3 (*93) ഫിഷറീസ് നയം**

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് :

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതിയ ഫിഷറീസ് നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ചു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നയത്തിലൂടെ എന്തെല്ലാം വികസനം ഫിഷറീസ് മേഖലയ്ക്ക് കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) മൽസ്യത്തൊഴിലാളികൾക്ക് ഇതുമൂലം എന്തെല്ലാം ഗുണങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) സംസ്ഥാനത്തെ മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വംശനാശം തടയുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ;

(എഫ്) ജനകീയ മത്സ്യക്കൃഷിയുമായി ബന്ധപ്പെട്ട സർക്കാർ അംഗീകരിച്ച നയം എന്താണ്;

(ജി) മത്സ്യക്കൃഷിയും നെൽക്കൃഷിയും സംയുക്തമായും സീസണലായും നടത്തുന്നത് സംബന്ധിച്ച് സർക്കാർ അംഗീകരിച്ച നയം എന്താണ്;

(എച്ച്) സഹകരണ മേഖലയിൽ മത്സ്യകൃഷി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ഐ) പുതിയ ഫിഷറീസ്നയം എന്ന് പ്രഖ്യാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദന വർദ്ധനവിന്റെ ഗുണം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് മൽസ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്.

(ഡി) ഉൽപാദനരംഗത്ത് മൽസ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും വിപണനരംഗത്ത് ആദ്യവിൽപ്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും ഉതകുന്ന വിധത്തിൽ പുതിയ നയം ആവിഷ്കരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വംശനാശം തടയുന്നതിനും ഇനി പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കടൽമൽസ്യ സമ്പത്തിന്റെ സംരക്ഷണം മുൻനിറുത്തി ജൂൺ-ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. കടൽ മത്സ്യബന്ധന നിയന്ത്രണനിയമം നടപ്പിലാക്കി വരുന്നു.

3. സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദഫലമായി സംസ്ഥാനത്തെ ആഴക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995 മുതൽ ഇതു നടപ്പിലാക്കി വരുന്നു.

4. നശിച്ചുകൊണ്ടിരിക്കുന്ന കടൽ മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി കടലിലും, കായലിലും ചെമ്മീൻകുഞ്ഞുങ്ങളെ വിതയ്ക്കുന്ന പരിപാടി നടപ്പിലാക്കിവരുന്നു.

5. സംസ്ഥാനത്തെ മൽസ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുതകുന്ന നയപരിപാടികൾ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാരിനെ ഉപദേശിക്കുവാൻ എറണാകുളം കേന്ദ്രമായി ഫിഷറീസ് റിസോഴ്സ് മാനേജുമെന്റ് സൊസൈറ്റി സ്ഥാപിച്ചു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

6. കടൽ മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി, കടലിന്റെ അടിതട്ടിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട്, പൊഴിയൂർ, പതുത്തിയൂർ, അടിമലത്തുറ പ്രദേശങ്ങളിൽ കൃത്രിമ പാരുകൾ നിർമ്മിച്ചിട്ടുണ്ട്.

7. പുഴകളിലും മറ്റു തുറസ്സായ ശുദ്ധജല പ്രദേശങ്ങളിലും കാർപ്പു മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന സാമൂഹ്യ മൽസ്യക്കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

8. നാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി കോട്ടയം ജില്ലയിലെ പള്ളം കേന്ദ്രമാക്കി തദ്ദേശ മൽസ്യങ്ങൾക്കുവേണ്ടിയുള്ള ഒരു ഫാം പ്രവർത്തിച്ചുവരുന്നു.

9. ഉൾനാടൻ മേഖലയിലെ കായൽ പട്രോളിംഗും മത്സ്യബന്ധന നിയന്ത്രണ നിയമങ്ങളും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(എഫ്) പൊതുജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ശുദ്ധജല ഓരുജല പ്രദേശങ്ങളിൽ മൽസ്യ ചെമ്മീൻകൃഷി നടപ്പാക്കുക എന്നതാണ് ജനകീയ മൽസ്യക്കൃഷിയുമായി ബന്ധപ്പെട്ട് അംഗീകരിച്ച നയം.

(ജി) നെൽക്കൃഷിക്ക് കോട്ടംതട്ടാത്ത വിധത്തിൽ നെൽക്കൃഷിക്ക് അനുയോജ്യമായ സമയത്ത് ഒരു വിള നെല്ലും അതിനുശേഷമുള്ള ഇടവേളയിൽ മൽസ്യക്കൃഷിയും പരസ്പരപൂരകമായ വിധത്തിൽ നടപ്പിലാക്കി രണ്ടിന്റെയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ നയം.

(എച്ച്) സഹകരണ മേഖലയിൽ മൽസ്യക്കൃഷി നടത്തുന്നില്ല

(ഐ) മൽസ്യമേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധ സമിതികൾ പഠനം നടത്തിയശേഷം അവ പരിശോധിച്ച് നയം പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u> : തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ജനകീയ മൽസ്യക്കൃഷി വിജയകരമായി നടപ്പിലാക്കിയതായിട്ടാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ പ്രയോജനപ്പെടുത്താൻ കഴിയുന്ന സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി മൽസ്യക്കൃഷി ആരംഭിക്കാൻ സർക്കാർ പുതുതായിട്ട് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : പഞ്ചായത്തുകൾക്ക് സഹായം നൽകുക, മത്സ്യക്കുഞ്ഞുങ്ങളെയും അതിനുള്ള തീറ്റയും കൊടുക്കുക, ഇത്തരം ഒരു പദ്ധതിയാണ് ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്. അത് കഴിഞ്ഞ കൊല്ലം മുതൽ വിജയകരമായി നടന്നു വരുകയാണ്. അതിനുശേഷം മെമ്പർ പറഞ്ഞ ഈ കാര്യം ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ് : കർഷകർക്ക് ന്യായവിലയ്ക്ക് മത്സ്യവിത്ത് ലഭ്യമാക്കാൻ സംസ്ഥാനത്ത് മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ പുതുതായിട്ട് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കൂടുതൽ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. എവിടെയെല്ലാമാണെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ചിലയിടത്ത് സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. അവിടെ സ്ഥാപിച്ചശേഷം എവിടെയെല്ലാം സ്ഥാപിക്കാൻ കഴിയുമെന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. ആന്റണി രാജു : കേരളത്തിലെ മീൻപിടുത്ത സമൂഹം ജീവിതനിലവാരത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഇതരസമൂഹത്തേക്കാൾ പതിറ്റാണ്ടു പിന്നിലാണെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇടത്തട്ടുകാരുടെ കടുത്ത ചൂഷണത്തിന് ഇത്രയേറെ വിധേയമാകുന്ന മറ്റൊരു സമൂഹമില്ല. കൊള്ളപ്പലിശയ്ക്ക് പണം കടമെടുക്കുന്ന സാഹചര്യമാണ് ഇന്ന് ആ പ്രദേശത്തുള്ളത്. ഈ സാഹചര്യത്തിൽ മൽസ്യമേഖലയെക്കുറിച്ചും മൽസ്യത്തൊഴിലാളികളെക്കുറിച്ചും അവബോധവും തീരദേശബ്രാഞ്ചുകളുമുള്ള ഫിഷറീസ് ബാങ്ക് സംസ്ഥാനത്ത് തുടങ്ങുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതു പരിശോധിക്കാവുന്നതാണ്.

ശ്രീ. ആന്റണി രാജു : തീരപ്രദേശത്ത് കഴിഞ്ഞ ഒരു മാസമായി പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്. പ്രകൃതിക്ഷോഭംമൂലം ഇത്രയേറെ ദാരിദ്ര്യമനുഭവിക്കുന്ന മറ്റൊരു വിഭാഗം സംസ്ഥാനത്തില്ല. ആദിവാസികളെക്കാൾ ഭയാനകമാണ്. അതു പരിഗണിച്ചുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതു സംബന്ധിച്ച് അവസാന തീരുമാനം എടുത്തിട്ടില്ല. അതുസംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഡോ. കെ.സി. ജോസഫ് : നെൽക്കൃഷിക്ക് ദോഷം വരാതെ മത്സ്യക്കൃഷി ഒരു സീസണിൽ നടപ്പിലാക്കുകയെന്നുള്ളതാണ് സർക്കാർനയമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഈ കാര്യത്തെ സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങൾ ചില മേഖലയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തൊഴിലവസരങ്ങൽ നഷ്ടപ്പെടുമോയെന്നുള്ള ആശങ്കയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽ ഇത് ഭംഗിയായിട്ട് നടപ്പിലാക്കുന്നുവെങ്കിലും മറ്റു ജില്ലകളിൽ നടപടിയായിട്ടില്ല. ആ സാഹചര്യത്തിൽ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളെയും കർഷകത്തൊഴിലാളി വിഭാഗങ്ങളേയും നേതാക്കളേയും വിളിച്ചുകൂട്ടി ഈ നയം ഭംഗിയായി നടപ്പിലാക്കുകയും അതുവഴി നെല്ലിന്റെയും മത്സ്യത്തിന്റെയും ഉൽപ്പാദനം വർദ്ധിപ്പിച്ച് സാമ്പത്തിക



LIBRARY ARCHIVES Kerala Legislative Assembly

സുസ്ഥിരത സൃഷ്ടിക്കുന്നതിനുംവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇപ്പോൾ നടന്നുവരുന്ന കാര്യത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞുവരുന്നത്. കൃഷിക്കാർ ഇതിൽ പ്രായോഗികമായി വിജയിച്ച ചില പ്രദേശങ്ങളുണ്ട്. അതേസമയം ചില ആശങ്ക നിലനിൽക്കുന്ന കാര്യം ഞാൻ പറഞ്ഞു. തൊഴിലാളികൾക്ക് തൊഴിൽസാദ്ധ്യത നഷ്ടപ്പെടുമോയെന്നുള്ള ആശങ്ക. മുമ്പ് ചോദ്യത്തിന് മറുപടി പറഞ്ഞതിൽ നെൽക്കൃഷിക്ക് കോട്ടം തട്ടാത്ത തരത്തിൽ നെൽക്കൃഷിയേയും അതുപോലെ മത്സ്യക്കൃഷിയേയും പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ ഇത് നടത്തുമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഇപ്പോൾ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടുകിട്ടിക്കഴിഞ്ഞാൽ അതിലുള്ള റഫറൻസിന്റെ അടിസ്ഥാനത്തിൽ മത്സ്യക്കൃഷിയും നെൽക്കൃഷിയും പരസ്പരപൂരകമായി നടത്തുന്നതു സംബന്ധിച്ചുള്ള നിർദ്ദേശംതന്നെയാണുള്ളത്. ആ റിപ്പോർട്ട് കിട്ടികഴിഞ്ഞാൽ അത് പരിശോധിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്. ഇപ്പോൾ ഉദ്ദേശിക്കുന്ന കാര്യത്തിൽ ഈ ചോദ്യത്തിന് മറുപടിയായി പറഞ്ഞതിൽ ഇരിപ്പുകൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ നെൽക്കൃഷി കഴിഞ്ഞാൽ അതിന്റെ കൊയ്ത്തു നടന്നുകഴിഞ്ഞാലുള്ള അതിന്റെ ചണ്ടി അവിടെ കിടന്നു ചീഞ്ഞാൽ അതിൽ നിന്നുണ്ടാകുന്ന തീറ്റ മത്സ്യക്കുഞ്ഞുങ്ങൾക്കു തിന്നു വളരാൻ സഹായകമാകും. അതുപോലെ തന്നെ മത്സ്യം കിടക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന അതിന്റെ വിസർജ്ജനം അതും നെല്ലിന് ശരിയായിട്ടുള്ള വളമായി തീരും. ഇത് രണ്ടും പരസ്പരപൂരകമായിയെന്നു പറഞ്ഞത് ആ അർത്ഥത്തിലാണ്. പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. അത് പ്രവർത്തിച്ചിടത്തോളം വിജയകരമാണ്. കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം തീർച്ചയായിട്ടും ആലോചിക്കുന്നതാണ്.

ഡോ. കെ.സി. ജോസഫ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. എന്നാൽ ആശങ്കയുള്ള സ്ഥലങ്ങളിൽ നടപ്പിലാക്കണമെങ്കിൽ നയം ഇവിടെ പ്രഖ്യാപിച്ചാൽ മാത്രം പോര. അവരുടെ ആശങ്ക അകറ്റുന്നതിനുവേണ്ടി അവരെ ബോദ്ധ്യപ്പെടുത്താൻവേണ്ടി ഈ വിഭാഗങ്ങളെ വിളിച്ചുകൂട്ടി അവരെ മനസ്സിലാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതുകൊണ്ട് കർഷകത്തൊഴിലാളി വിഭാഗങ്ങളുടെയും അവർക്ക് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ സംഘടനകളുടെയും, കർഷക വിഭാഗങ്ങളുടെയും അവർക്ക് നേതൃത്വം കൊടുക്കുന്ന പ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു അഭിപ്രായസമന്വയം ഉണ്ടാക്കിയാൽ മാത്രമേ ഗുണകരമായി ഈ നയം നടപ്പിലാക്കാൻ കഴിയൂ. അതുകൊണ്ട് ആ രീതിയിൽ ചർച്ച സംഘടിപ്പിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഗവൺമെന്റ് നേതൃത്വം കൊടുത്ത് മുൻകൈയെടുത്ത് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഈ നിർദ്ദേശം തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. പി.സി. ജോർജ് : മത്സ്യക്കുഞ്ഞുങ്ങളെ കായലിലും കടലിലും ഉൾനാടൻ ജലാശയങ്ങളിലും നിക്ഷേപിക്കാനുള്ള സംവിധാനങ്ങളായിയെന്ന് അദ്ദേഹം പറഞ്ഞു. എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഇതുപോലെ നിക്ഷേപിച്ചിട്ടുണ്ട്, അതിന് എത്ര രൂപ ചെലവാക്കി എന്ന കാര്യം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഞാൻ എത്ര വിചാരിച്ചാലും എത്ര കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടെന്ന് ശരിയായ വിധത്തിൽ മറുപടി പറയാൻ ബുദ്ധിമുട്ടായിരിക്കും. ഗവൺമെന്റിന്റെ കണക്കാണ്. അതിന് പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി.സി. ജോർജ് : എത്ര രൂപ ചെലവഴിച്ചുവെന്നു പറയാൻ ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കടലിൽ കല്ല് ഇടുന്ന നിലയിൽ ആയതുകൊണ്ടാണ് ചോദിക്കുന്നത്. മത്സ്യക്കുഞ്ഞുങ്ങളെ കായലിലും കടലിലും ഉൾനാടൻ പ്രദേശങ്ങളിലും നിക്ഷേപിക്കുകയാണ്. അപ്പോൾ ഏകദേശം ഒരു കണക്കെങ്കിലും ഗവൺമെന്റിന് ഉണ്ടായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതിന് എത്രകോടി രൂപ ചെലവഴിച്ചുവെന്നു പറയാൻ ബുദ്ധിമുട്ടില്ലയെന്നാണ് എന്റെ വിശ്വാസം. അങ്ങനെ നിക്ഷേപിക്കാൻ തീരുമാനിച്ച സ്ഥിതിക്ക് ഉൽപ്പാദനം എത്ര ശതമാനം വർദ്ധിച്ചുവെന്ന് ഗവൺമെന്റിൽ കണക്കുണ്ടോ? അത് എത്രയാണെന്ന് പറയാൻ കഴിയുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : നമ്മുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ നിക്ഷേപിച്ച സ്ഥലങ്ങളിലെ ഉൽപ്പാദനത്തിന്റെ കണക്ക് എന്റെ കൈയിലില്ല. അതിന് പ്രത്യേക ചോദ്യം ചോദിച്ചാൽ നോക്കി പറയാം.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് ഒരു മത്സ്യനയം പ്രഖ്യാപിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. അതിന് പ്രധാനപ്പെട്ട കാരണം, ട്രോളിംഗ് നിരോധനം വിവാദമായി മാറിക്കൊണ്ടിരിക്കുകയാണ്. മത്സ്യസമ്പത്ത് സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനും ട്രോളിംഗ് നിരോധനം വളരെ ആവശ്യമാണ്. ഒരു നിശ്ചിത സമയത്ത്, ഒരു നിശ്ചിത കാലയളവിൽ, ട്രോളിംഗ് നിരോധനം നടപ്പിലാക്കാൻ ഒരു നിയമനിർമ്മാണം ആവശ്യമാണ്. ഇപ്പോൾതന്നെ കേരളത്തിൽ അതിന്റെ പ്രയോജനം ലഭ്യമാകുന്നുണ്ട്. കാരണം, നമ്മുടെ പുറംകടലിലും ആഴക്കടലിലുമെല്ലാം വിദേശ ട്രോളറുകൾ വന്ന് മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ട്രോളിംഗ് നിരോധനം സമ്പൂർണ്ണമായി നടപ്പിലാക്കാൻവേണ്ടി നമ്മുടെ ഫിഷറീസ് മന്ത്രിയും കേരളാ ഗവൺമെന്റും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്, നമ്മുടെ ആഴക്കടലിൽ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം നിരോധിക്കണമെന്ന്. പക്ഷേ പ്രയോജനമുണ്ടായിട്ടില്ല. കേന്ദ്രഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അതുകൊണ്ട് തീരപ്രദേശ ഫിഷറീസ് മന്ത്രിമാരുടെ പ്രത്യേക യോഗം വിളിച്ചുകൂട്ടി ഇക്കാര്യം നടപ്പിലാക്കാൻ കർശനമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്താൻ സംസ്ഥാന ഗവൺമെന്റും മന്ത്രിയും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രി ഇതിനിടെ കേരളത്തിൽ വച്ച് ഒരു പ്രാവശ്യവും ബാംഗ്ലൂരിൽവച്ച് മറ്റൊരു പ്രാവശ്യവും ഫിഷറീസ് വകുപ്പുമന്ത്രിമാരെ വിളിച്ചു കൂട്ടി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ബാംഗ്ലൂരിൽ വച്ച് നടന്നിട്ടുള്ള യോഗത്തിൽ, നിർബന്ധമായും ട്രോളിംഗ് നിരോധനം നടപ്പാക്കേണ്ടതിനെപ്പറ്റി ശക്തിയായി നമ്മുടെ ഗവൺമെന്റ് വാദിക്കുകയുണ്ടായി. ഇതിനുമുമ്പ് തുടങ്ങി നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ഇവിടെ ട്രോളിംഗ് നിരോധനം നടപ്പാക്കുന്ന ആ കാലയളവിൽ കേന്ദ്ര ഗവൺമെന്റും ട്രോളിംഗ് നിരോധനം നടപ്പാക്കണം. ആഴക്കടലിൽനിന്നുള്ള കപ്പലുകൾ ഇവിടെവന്ന് എണ്ണയെടുക്കുന്നു എന്നു പറഞ്ഞുകൊണ്ട് മത്സ്യംപിടുത്തം നടത്തുന്നതിന്റെ ഫലമായി മത്സ്യസമ്പത്തിന്റെ കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞിട്ടുണ്ട്, ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ഇത്തവണ നിർബന്ധപൂർവ്വം മുഖ്യമന്ത്രി പ്രത്യേകിച്ച് കത്തെഴുതുകയും നിരോധനം ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി നമ്മുടെ ട്രോളിംഗ് നിരോധന കാലമായ ഈ മാസം 15 മുതൽ ജൂലൈ 29 വരെയുള്ള കാലയളവിൽ ആഴക്കടലിൽ നിന്നുള്ള കപ്പലുകൾ ഇവിടെ വരുന്നതിനേയും നിരോധിച്ചിട്ടുണ്ട്. അത് ഇപ്പോൾ മാത്രമാണ്. കഴിഞ്ഞ പ്രാവശ്യം 13 ദിവസവും 15 ദിവസവുമൊക്കെയാണ് ആഴക്കടലിൽ നിന്ന് വരുന്ന കപ്പലുകളുടെ വരവിനെ നിരോധിച്ചിരുന്നത്. ഇത്തവണ 45 ദിവസവും നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ കോപ്പി ഗവൺമെന്റിന് കിട്ടുകയും ചെയ്തിട്ടുണ്ട്. പൊതുവെ കേന്ദ്ര ഗവൺമെന്റ് പശ്ചിമതീര സംസ്ഥാനങ്ങളിൽ ഇത് നിർബന്ധമായും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായ വിവരം നമുക്ക് കിട്ടിയിട്ടുണ്ട്. പക്ഷേ അത് അവർ നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. പൂർണ്ണമായും നടപ്പാക്കുന്നത് ബോംബെയിലാണ്. ബോംബെയിൽ അതിന് മറ്റു ചില കാരണങ്ങൾ പറഞ്ഞുകൊണ്ടാണ്.

*(ചോദ്യോത്തരസമയം കഴിഞ്ഞു)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**4 (*94) നാടൻ മത്സ്യസമ്പത്ത് വികസിപ്പിക്കുവാൻ നടപടി**

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാടൻ മത്സ്യസമ്പത്ത് വികസിപ്പിക്കുന്നതിനു വേണ്ടി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫിഷ്ഫാം പ്രവർത്തിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശ മത്സ്യസമ്പത്ത് വികസിപ്പിക്കാനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മുൻഗണനാക്രമമനുസരിച്ച് ഈ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി കോട്ടയം ജില്ലയിൽ പള്ളത്ത് കോട്ടയം മത്സ്യകർഷകവികസന ഏജൻസിയുടെ നിയന്ത്ര

LIBRARY ARCHIVES Kerala Legislative Assembly